
മലയാളം
എന്റെ നോട്ട് ബുക്ക്
ഞാവൽക്കാട്
GLPS OLASSA
Class
4

# അർഥം എഴുതാം

| | | |
|---|---|---|
| അപാരം | - | അതിരില്ലാത്തത് |
| ഉപായം | - | മാർഗ്ഗം (വഴി) |
| ദൃഷ്ടി | - | കണ്ണ് |
| വെടിയുക | - | ഉപേക്ഷിക്കുക |
| കുറ്റൻ | - | വലിയ |
| കലഹം | - | വഴക്ക് |
| താവളം | - | വാസസ്ഥലം |
| കാനനം | - | കാട് |

## അടിവരയിട്ടിരിക്കുന്ന പദത്തിനു പകരം യോജിച്ച മറ്റൊരു പദം എഴുതുക

- എല്ലാ ജീവികളും തീറ്റ തേടാറുണ്ടല്ലോ.

  എല്ലാ ജീവികളും ________ തേടാറുണ്ടല്ലോ.

- കലഹങ്ങൾ ആർക്കും നന്മ വരുത്തില്ല.

  ________ ആർക്കും നന്മ വരുത്തില്ല.

- അപാരമായ അറിവുള്ള പല ആളുകളുമുണ്ട് .

  ________ അറിവുള്ള പല ആളുകളുമുണ്ട് .

- ആപത്തുകളിൽ നിന്ന് രക്ഷപ്പെടാനുള്ള ഉപായം കണ്ടെത്തണം.

  ആപത്തുകളിൽ നിന്ന് രക്ഷപ്പെടാനുള്ള ________ കണ്ടെത്തണം.

- നല്ലവരെ ആരും വെടിയുകയില്ല.

  നല്ലവരെ ആരും ________




GOVT LP SCHOOL OLASSA

## പദം പിരിച്ചെഴുതുക

- മരമാണ് = മരം + ആണ്
- ഞാവൽക്കാട് = ഞാവൽ + കാട്
- ഉണർന്നിട്ടില്ല = ഉണർന്നിട്ട് + ഇല്ല
- തിരിച്ചെത്തി = തിരിച്ച് + എത്തി
- നേതാവാണ് = നേതാവ് + ആണ്
- കരിയില = കരി + ഇല
- സ്വർഗ്ഗമായി = സ്വർഗ്ഗം + ആയി
- ഉണ്ടക്കണ്ണൻ = ഉണ്ട + കണ്ണൻ
- വീടാണല്ലോ = വീട് + ആണല്ലോ

GOVT L.P. SCHOOL OLASSA

# കാട് ചേർന്ന് വരുന്ന പദങ്ങൾ എഴുതുക

| | | | |
|---|---|---|---|
| കാട്ടുതീ | കാട്ടുചോല | കാട്ടുമനുഷ്യർ | കാട്ടുമൂപ്പൻ |
| കാട്ടാന | കാട്ടാറ് | കാട്ടുചേമ്പ് | കാട്ടുപോത്ത് |
| കാട്ടുപന്നി | കാട്ടുമൃഗം | കാട്ടുഞാവൽ | കാട്ടുവള്ളി |
| കാട്ടുപുല്ല് | കാട്ടുകള്ളൻ | കാട്ടുകോഴി | കാട്ടുപൂച്ച |
| കാട്ടുവാസി | കാട്ടുവഴി | കാട്ടുമുയൽ | കാട്ടരുവി |

GOVT L.P.SCHOOL OLASSA

## അടിവരയിട്ടിരിക്കുന്ന പദത്തിന്റെ വിപരീതപദം ഉപയോഗിച്ച് പൂരിപ്പിക്കുക




- പുറത്ത് മാത്രമല്ല __________ അഴകുണ്ടാകണം .
- ഉണർന്നും _________ നാൾ കഴിച്ചാൽ മതിയോ ?
- അകലെ ഉള്ളവർ __________ വരണം .
- ആദ്യം വന്നവർ ___________ വരെ നിൽക്കും
- ഒരു കയറ്റം ഉണ്ടെങ്കിൽ ഒരു __________ ഉണ്ടാവും
- സൂര്യൻ കിഴക്ക് ഉദിച്ച് പടിഞ്ഞാറ് ____________.
- താമസിച്ച് ഉറങ്ങി എങ്കിലും നേരത്തേ ___________
- എത്ര ഓർത്താലും ചിലകാര്യങ്ങൾ ____________
- ജീവിതത്തിൽ സന്തോഷവും _______ ഉണ്ടാവും.
- ചെറിയ തെറ്റുപോലും _______പ്രയാസം ഉണ്ടാക്കും

# വാക്യത്തിൽ പ്രയോഗിക്കുക

- **കാൽ കുത്തുക:-**

വാസ്കോഡഗാമ ആദ്യമായി കേരളത്തിൽ കാലുകുത്തിയത് 1498 ലാണ്.

- **സംരക്ഷിക്കുക :-**

പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

- **രാവും പകലും :-**

കൊറോണയിൽ നിന്നും നാടിനെ രക്ഷിക്കാൻ ആരോഗ്യ പ്രവർത്തകർ രാവും പകലും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

- **നിമിഷനേരം :-**

ഉരുൾ പൊട്ടലിൽ അകപ്പെട്ട് നിമിഷനേരം കൊണ്ടാണ് ഒരു പ്രദേശം ഇല്ലാതായത്

- **ധൈര്യപ്പെടുക :-**

മഹാബലിയുടെ ഭരണകാലത്ത് കള്ളവും ചതിയും കാണിക്കാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല.

GOVT L.P.SCHOOL OLASSA

# ഉചിതമായ പ്രയോഗങ്ങൾ ചേർത്ത് നോക്കാം

കറുമുറെ തിന്നു.

അവൾ പിറുപിറുത്തു.

അവർ കുശുകുശുത്തു.

അവൻ കുടുകുടെ ചിരിച്ചു.

നേരം പരപരാ വെളുത്തു

വണ്ടികളുടെ കടകട ശബ്ദം.

ഹൃദയം പടപടാ മിടിച്ചു.

പക്ഷികൾ കലപിലാ ചിലച്ചു.

ശരീരം കിടുകിടെ വിറച്ചു.

മണിമണിയായി പറഞ്ഞു.

അവൾ കിലുകിലെ ചിരിച്ചു.

മഴ ചറപറാ പെയ്തു.

# താഴെ തന്നിരിക്കുന്ന കവിതവായിച്ച് ആസ്വാദനക്കുറിപ്പെഴുതുക



പറഞ്ഞുനോക്കുക വെറുതെ, നിങ്ങൾ-
ക്കെത്ര കിളിയുടെ പാട്ടറിയാം?
എത്ര മരത്തിൻ തണലറിയാം?
എത്ര പുഴയുടെ കുളിരറിയാം?
എത്ര പഴത്തിൻ രുചിയറിയാം?
എത്ര പൂവിൻ മണമറിയാം?
അറിഞ്ഞിടുമ്പോളറിയാം നമ്മൾ-
ക്കറിയാനൊത്തിരി ബാക്കി
ഒത്തിരിയൊത്തിരി ബാക്കി.

– പി. മധുസൂദനൻ

# ആസ്വാദനക്കുറിപ്പ്

( മാതൃക )

മലയാളത്തിന്റെ പ്രിയ കവി, പി . മധുസൂദനന്റെ 'എത്ര കിളിയുടെ പാട്ടറിയാം' എന്ന കവിതയിൽ നിന്നെടുത്തിട്ടുള്ള വരികളാണിവ . പ്രകൃതിയിലെ മനോഹാരിത കളെക്കുറിച്ച് നമുക്ക് എന്തെല്ലാം അറിയാം എന്ന് അന്വേഷിക്കുകയാണിവിടെ. കിളികളുടെ പാട്ട് , പുഴയുടെ സംഗീതം , പഴത്തിന്റെ രുചി , പൂവിന്റെ മണം ഇതൊക്കെ അറിയുകയും അവയുടെ സൗന്ദര്യം ആസ്വദിക്കുകയും ചെയ്തിട്ടുണ്ടോ എന്നാണ് കവി ചോദിക്കുന്നത് . എത്രയൊക്കെ അറിഞ്ഞാലും ഒടുവിൽ അറിയാൻ ഒരുപാട് ബാക്കിയുണ്ടെന്ന് നാം തിരിച്ചറിയുന്നു . കാരണം പ്രകൃതിയോട് അടുത്തു ജീവിക്കാതെ അകന്ന് ജീവിക്കുന്നവരാണ് നമ്മളിൽ പലരും. പ്രകൃതിയുടെ വരദാനങ്ങൾ തിരിച്ചറിയുന്നതിനും അതിന്റെ സൗഭാഗ്യങ്ങൾ എത്ര വലുതാണെന്ന് മനസ്സിലാക്കുന്നതിനും വളരെക്കുറച്ച് വരികളിലൂടെ കഴിയുന്നു . അക്ഷരങ്ങൾ ആവർത്തിച്ച് വരുന്നതിന്റെ ഭംഗി കവിതയ്ക്കുണ്ട്. ധാരാളം ചോദ്യങ്ങൾ കവിതയിൽ കടന്നു വരുന്നുണ്ട് . വളരെ ലളിതമായ വാക്കുകളിൽ വലിയ ആശയമാണ് കവി അവതരിപ്പിക്കുന്നത് .

## പത്രവാർത്ത തയാറാക്കാം

**മഴ കോരിച്ചൊരിഞ്ഞപ്പോൾ തീയണഞ്ഞു . പിറ്റേന്ന് ' വനശബ്ദം ' പത്രത്തിലെ പ്രധാന വാർത്ത ഇതായിരുന്നു . ആ വാർത്ത എങ്ങനെയായിരിക്കും ? എഴുതിനോക്കൂ**

( മാതൃക )

# വടക്കൻ മലയിൽ വൻ തീപിടുത്തം

വടക്കൻമല : വടക്കൻമലയിലെ ഞാവൽക്കാട്ടിൽ തീപടർന്നു. ഇന്നലെ രാത്രിയോടുകൂടിയാണ് സംഭവം. ഞാവൽ മരത്തിലെ താമസക്കാരായ ഉണ്ടക്കണ്ണൻ മൂങ്ങയും കൂട്ടരുമാണ് കാട്ടിൽ തീ പടർന്നത് ആദ്യം കണ്ടത്. പരിഭ്രാന്തരായ കാട്ടുജീവികളെ നേതാവായ ഗരുഡമ്മാവൻ നേരിൽ കണ്ട് ആശ്വസിപ്പിക്കുകയും അടിയന്തിര യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. കാടു കൈയേറുന്നതിനായി മൂന്നു ദിവസം മുമ്പാണ് നാട്ടുമനുഷ്യർ കാടിന് തീയിട്ടത് . കാക്കകളിൽ ചിലർ താവളം വിട്ടു. മൂങ്ങയുവാക്കളും കാടുവിടാൻ ഒരുങ്ങി. ഞാവൽക്കാട്ടിലെ ജീവികൾ എന്തു ചെയ്യണമെന്ന് അറിയാതെ നിസ്സഹായരായ സന്ദർഭത്തിൽ പ്രകൃതിയുടെ അനുഗ്രഹം പോലെ മഴയെത്തി . കാറ്റും ഇടിയും മഴയും ഒരുമിച്ചെത്തിയതോടെ കാടിന് തീവച്ചവർ ഭയന്നോടി . ഞാവൽക്കാടിനെ തീയിട്ട് നശിപ്പിക്കാൻ ശ്രമിച്ചത് പൈശാചികമായ പ്രവൃത്തിയായി എന്ന് ഗരുഡമ്മാവൻ പറഞ്ഞു .



ഞാവൽക്കാടിന് മനുഷ്യർ തീവച്ചതിൽ പ്രതിഷേധിച്ച് മൃഗരാജന്റെ നേതൃത്വത്തിൽ കാട്ടിൽ യോഗം ചേർന്നു. എന്തൊക്കെയാവാം അവർ പറഞ്ഞത് ?

( മാതൃക )

- സിംഹം - പ്രിയ പ്രജകളേ , ഞാവൽക്കാടിനെ നശിപ്പിക്കാൻ ചിലർ ശ്രമിക്കുന്നതായി അറിവു കിട്ടിയിട്ടുണ്ട് .
- മൂങ്ങ - നാട്ടുമനുഷ്യർ കാടു കൈയേറാൻ എത്തിയിരിക്കുകയാണ് . അവരാണ് കാട്ടിൽ തീയിടുന്നത് .
- ആന - കാട് നമ്മുടെ വീടല്ലേ . കാട് നശിപ്പിക്കാൻ ആരെയും അനുവദിക്കരുത്
- കടുവ - മാരകായുധങ്ങളുമായിട്ടാണ് അവർ വന്നിരിക്കുന്നത് .
- മാൻ - കാടിന്റെ പ്രാധാന്യം അറിഞ്ഞാലല്ലേ അവ സംരക്ഷിക്കേണ്ട താണെന്ന് തോന്നൂ .
- ഗരുഡൻ- ഇനി ഒരാളെയും ഈ കാട്ടിൽ കടക്കാൻ അനുവദിക്കരുത് .
- സിംഹം - കാടിന്റെ രക്ഷയ്ക്ക് നമുക്ക് ഒന്നിച്ച് പോരാടണം .

# ഇഷ്ടപ്പെട്ട പക്ഷിയെക്കുറിച്ച് കുറിപ്പ് തയാറാക്കുക

CLICK HERE

## തത്ത

കേരളത്തിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന തത്തയാണ് നാട്ടുതത്ത.പരിശീലനം നൽകിയാൽ മനുഷ്യരെ പോലെ സംസാരിക്കുന്ന ഇവയെ ആളുകൾ ഇണക്കി വളർത്തുന്നു. വിളഞ്ഞു നിൽക്കുന്ന പഴങ്ങൾ, ധാന്യങ്ങൾ എന്നിവയാണ് ആഹാരം. ഇളം പച്ച നിറമാണ് ഇവയുടെ ശരീരത്തിന്. വാലിന്റെ അടിഭാഗം മങ്ങിയ മഞ്ഞ നിറത്തിലും കാണപ്പെടുന്നു. ഇവയുടെ കൊക്കിന് ചുവന്ന നിറമാണ്. കഴുത്തിലെ ചുവന്ന വളയം ആൺ പക്ഷിയുടെ ലക്ഷണമാണ്. ഉണങ്ങി മണ്ടപോയ തെങ്ങുകളിലേയും ഉയരമുള്ള മരങ്ങളുടേയും പൊത്തുകളിലാണ് ഇവ മുട്ടയിടുന്നത്. നാല് മുതൽ ഏഴ് വരെ മുട്ടകളിടുന്ന ഇവയുടെ അടയിരിപ്പുകാലം ഇരുപത് ദിവസമാണ്. കുറുകിയ കാലുകൾ, മെലിഞ്ഞ ശരീരം, തടിച്ചുരുണ്ട് കുറുകിയതും ഉറപ്പുള്ളതും അറ്റം കൂർത്തുവളഞ്ഞതുമായ ചുണ്ട്, നീണ്ട് ത്രികോണാകൃതിയിലുള്ള വാൽ, മരത്തിൽ കയറാനുപയോഗിക്കത്തക്ക കാലുകൾ, പച്ചത്തൂവലുകൾ എന്നിവ തത്തകളുടെ സവിശേഷതകളാണ്.തത്തയുടെ കാലിൽ നാല് വിരലുകൾ ആണ് ഉള്ളത്. ഇതിൽ രണ്ടെണ്ണം മുന്നോട്ടും രണ്ടെണ്ണം പുറകോട്ടും ആണ്. ഇവ മിക്കപ്പോഴും കൂട്ടം ചേർന്നാണ് സഞ്ചരിക്കുന്നത്.

GOVT L.P. SCHOOL ULASSA

## മഴയാണ് ഞാവൽക്കാടിനെ തീയിൽ നിന്നും രക്ഷിച്ചത് . മഴ പെയ്ത്തില്ലായിരുന്നെങ്കിലോ ? കഥ തുടർന്നെഴുതി നോക്കു.

തീ ആളിപ്പടരുന്നത് കണ്ട് കിളികളെല്ലാം പരിഭ്രാന്തരായി . അവ അങ്ങുമിങ്ങും . പറന്നു . ആരും പരിഭ്രമിക്കരുതെന്ന് ഗരുഡമ്മാവൻ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു . ആപത്തു വന്നാൽ ഒരുമിച്ച് അതിനെ നേരിടണമെന്ന് ഗരുഡമ്മാവൻ പറഞ്ഞു . അദ്ദേഹം പറഞ്ഞതു കേട്ട് എല്ലാവരും ഒരുനിമിഷം ആലോചിച്ചു . ഗരുഡമ്മാവൻ എല്ലാവർക്കും കൃത്യമായ നിർദേശങ്ങൾ നൽകി . പക്ഷിപ്പട്ടാളം എന്തിനും തയാറായി നിന്നു . പരുന്തിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം പക്ഷികൾ നാട്ടുമനുഷ്യരുടെ നേരെ പാഞ്ഞടുത്തു . അവ കൂർത്ത കൊക്കുകൾ കൊണ്ട് മനുഷ്യരെ ആക്രമിച്ചു .അവർ നിലവിളിച്ചുകൊണ്ട് ഓടി . കിട്ടനാനയുടെ നേതൃത്വത്തിൽ തീ അണയ്ക്കാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞിരുന്നു . കാട്ടരുവിയിൽ നിന്ന് തുമ്പിക്കൈയിൽ വെള്ളം ശേഖരിച്ച് ആനകൾ തീയിലൊഴിച്ചു . കുഞ്ഞിക്കിളിയും കൂട്ടരും വെള്ളത്തിൽ മുങ്ങി പറന്നുവന്ന് തീയുടെ മുകളിൽ ചിറകടിച്ച് വെള്ളം കുടഞ്ഞു . കരടിമാമൻ മുളങ്കുഴലിൽ വെള്ളം കൊണ്ടുവന്നൊഴിച്ചു . പക്ഷിമൃഗാദികളുടെ കൂട്ടായ ശ്രമത്തിനൊടുവിൽ കാട്ടുതീ അണഞ്ഞു . എല്ലാവരും സന്തോഷംകൊണ്ട് തുള്ളിച്ചാടി. കൂട്ടുകാരേ , ഒരുമയുടെ വിജയമാണിത് . ഗരുഡമ്മാവൻ പറഞ്ഞു . ഞാവൽക്കാട്ടിൽ സന്തോഷം തിരിച്ചുവന്നു .

GOVT L.P.SCHOOL OLASSA

# ഉത്തരമെഴുതുക

1. ഞാവൽക്കാട് ' എന്ന കഥ എഴുതിയത് ?

   പിണ്ടാണി എൻ .ബി .പിള്ള

2. ഞാവൽക്കാട്ടിലെ ഏറ്റവും പ്രായം കൂടിയതും വലിപ്പം കൂടിയതുമായ മരം ഏത് ?

   ഞാവൽ മരം.

3. വടക്കൻ മലയിൽ മനുഷ്യൻ കാൽകുത്താത്തത് എന്തുകൊണ്ട് ?

   കാരമുള്ളുകളും കള്ളിമുള്ളുകളും പാറക്കല്ലുകളും ഒരു മുഴം നീളമുള്ള അട്ടകളും നിറഞ്ഞതായിരുന്നു ആ പ്രദേശം .അതുകൊണ്ടാണ് മനുഷ്യർ ഇവിടെ കാൽകുത്താത്തത്.

4. ഏതൊക്കെ പക്ഷികളായിരിക്കാം ഞാവൽക്കാട്ടിലുള്ളത് ?

   കാക്ക , കുയിൽ , തത്ത , പ്രാവ് , കുരുവി , പരുന്ത് , കാലൻ കോഴി , മൂങ്ങ ,മരംകൊത്തി , കഴുകൻ , ഗരുഡൻ തുടങ്ങിയ പക്ഷികളായിരിക്കാം ഞാവൽ കാട്ടിലുള്ളത്.

5. പക്ഷികളുടെ ഇടയിലുള്ള ചില്ലറ കലഹങ്ങൾ പരിഹരിക്കുന്നത് ആരാണ് ?

   പക്ഷികളുടെ നേതാവായ ഗരുഡമ്മാവൻ .

6. ഗരുഡമ്മാവന്റെ കണ്ണുവെട്ടിച്ച് താവളം വിട്ടു പോയത് ആരാണ് ?

   കാക്കകൾ

6. ഗരുഡമ്മാവന്റെ കല്പനയനുസരിക്കാത്തതിന്റെ പേരിൽ കാട്ടുകടത്തിവിട്ടത് ആരെയാണ് ?

കടവാവലുകളെ .



7. പക്ഷികളുടെ നേതാവ് ആരാണ് ?

ഗരുഡമ്മാവൻ .

8. പക്ഷികളുടെ ഉത്സവാഘോഷം എപ്പോഴാണ് ?

ഞാവൽക്കാ പഴുക്കുമ്പോൾ .

9. ഉണ്ടക്കണ്ണൻ മൂങ്ങയും കൂട്ടരുമാണ് ആദ്യമായി ആ കാഴ്ച കണ്ടത് . എന്തായിരുന്നു കാഴ്ച ?

ഞാവൽക്കാട്ടിൽ ഒരിടത്ത് തീ ആളുന്നു .

10. തീയിട്ടത് നാട്ടുമനുഷ്യർ തന്നെ എന്ന് ചിന്തിക്കാൻ കാരണം എന്തായിരുന്നു ?

കാട്ടുമനുഷ്യർ തണുപ്പുമാറ്റാൻ കരിയില കൂട്ടി തീയിടാറുണ്ട് . പക്ഷേ ആവശ്യം കഴിഞ്ഞാൽ അവരതു കെടുത്തിയേ പോകൂ . കാട്ടിലെ ഒരു ചെടിപോലും അവർ നശിപ്പിക്കില്ല .കാട് അവരുടെയും വീടാണല്ലോ . കാടിന് തീയിട്ടത് നാട്ടുമനുഷ്യർ തന്നെ എന്നുറപ്പിക്കാൻ കാരണം ഇതാണ് .

GOVT. L.P.SCHOOL OLASSA

**11.** കാട്ടുതീ പടർന്നതാകാമെന്നാണ് ആദ്യം ഗരുഡമ്മാവൻ കരുതിയത് **.** അതല്ല എന്ന് പിന്നീട് എങ്ങനെ മനസ്സിലായി **?**

തീയ്ക്കു ചുറ്റും മനുഷ്യർ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നത് ഗരുഡമ്മാവൻ കണ്ടു .ഇതു കണ്ടപ്പോഴാണ് അബദ്ധത്തിൽ തീ പടർന്നതല്ല എന്നു മനസ്സിലായത് .

**12.** കാട്ടുതീ പടർന്നപ്പോൾ ഏറെ പരിഭ്രമിച്ചത് ആരാണ് **?**

മുട്ടകളും കുഞ്ഞുങ്ങളുമുള്ള അമ്മമാരാണ് ഏറെ പരിഭ്രമിച്ചത്.

**13.** ഭക്ഷണം തേടി അകലേക്കു പോകാൻ ഒരു പക്ഷിയും ധൈര്യപ്പെടാത്തതിനു കാരണം എന്തായിരുന്നു **?**

അകലെ നിന്ന് നാവു നീട്ടിക്കൊണ്ട് അരിച്ചരിച്ചു വരുന്ന തീയും പാറിപ്പറക്കുന്ന പുകയും മനുഷ്യരുടെ ശബ്ദങ്ങളും അവരെ ഭയപ്പെടുത്തി .

14. വടക്കൻ മലയിലെ ഞാവൽമരത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

വടക്കൻ മലയിലെ ഏറ്റവും വലുതും പ്രായം കൂടിയതുമായ മരമാണ് ഞാവൽ മരം.ഈ മരമാണ് പക്ഷികളുടെ താവളം.നീണ്ടുതടിച്ച ശാഖകളും ആകാശംമുട്ടെ ഉയരവുമുണ്ട് .ഈ മരത്തിൽ നിന്ന് എപ്പോഴും പക്ഷികളുടെ കലപില ശബ്ദം കേൾക്കാം.

**15.** എങ്ങനെയാണ് പ്രകൃതി ഞാവൽക്കാടിനെ രക്ഷിച്ചത് **?**

മിന്നൽപ്പിണരുകൾ ആകാശത്തുകൂടെ പാഞ്ഞു പോയി . അതിഭയങ്കരമായ ഇടിവെട്ടി . കാടും പരിസരവും കുലുങ്ങി . തുള്ളിക്കൊരുകുടം എന്നമട്ടിൽ മഴ കോരി ച്ചൊരിയാൻ തുടങ്ങി . അങ്ങനെ തീയണഞ്ഞു . മനുഷ്യർ ഭയന്നോടി

**16.** ഞാവൽക്കാട് പക്ഷികൾക്ക് സ്വർഗമായി അനുഭവപ്പെട്ടത് എന്തുകൊണ്ട് **?**

ഞാവൽക്കാട്ടിൽ മനുഷ്യരുടെയോ മൃഗങ്ങളുടെയോ ശല്യമുണ്ടാകാറില്ല. സന്ധ്യയായാൽ ഞാവൽക്കാടിന്റെ പരിസരം പക്ഷികളുടെ സംഗീതംകൊണ്ടു നിറയും . ഞാവൽക്കായ്കൾ പഴുത്താൽ രാവും പകലും ആവശ്യം പോലെ പഴങ്ങൾ തിന്നാം . ഈ കാരണങ്ങൾ കൊണ്ടാണ് ഞാവൽക്കാട് പക്ഷികൾക്ക് സ്വർഗമായി അനുഭവപ്പെട്ടത് .

**17.** ഞാവൽക്കാട്ടിലെ തീ പക്ഷികൾക്ക് ഏറെ വിഷമമുണ്ടാക്കി **.** തീ പടർന്നിരുന്നെങ്കിൽ മറ്റേതൊക്കെ ജീവികൾക്കാണ് പ്രയാസമുണ്ടാവുക **?**

മാൻ , സിംഹം , കടുവ , ആന , കാട്ടുപോത്ത്, കുറുക്കൻ , മുയൽ , ചെന്നായ തുടങ്ങിയ കാട്ടുമൃഗങ്ങൾക്കും മരങ്ങളിലും ചെടികളിലും മറ്റുമായി കഴിയുന്ന ചെറുജീവി കൾക്കും കാടിനെ ആശ്രയിക്കുന്ന എല്ലാ ജീവജാലങ്ങൾക്കും കാട്ടുതീ പ്രയാസമുണ്ടാക്കും .

**18.** ഞാവൽക്കാടിന് തീ പിടിച്ചപ്പോൾ മൂങ്ങകളിൽ ചെറുപ്പക്കാരായ ചിലർ മറ്റുള്ളവരെ കുറിച്ചാലോചിക്കാതെ രക്ഷപ്പെടാൻ ശ്രമിച്ചു **.**ഈ തീരുമാനം ശരിയായിരുന്നോ**.?** എന്തുകൊണ്ട് **?**

വയസ്സായ ഗരുഡമ്മാവൻ പോലും മറ്റുള്ളവരെ രക്ഷിക്കാൻ ശ്രമിക്കുമ്പോൾ ചെറുപ്പക്കാരായ മൂങ്ങകൾ ഓടി രക്ഷപ്പെടാൻ ശ്രമിച്ചത് ശരിയായില്ല . ചെറുപ്പക്കാരായ വരാണ് മറ്റുള്ളവരെ രക്ഷിക്കാൻ മുന്നിൽ നിന്ന് പ്രവർത്തിക്കേണ്ടിയിരുന്നത് . ആപത്ത് വരുമ്പോൾ സ്വയം രക്ഷപ്പെടാൻ ശ്രമിക്കാതെ മറ്റുള്ളവരെയും കൂടി സഹായിക്കാനുള്ള മനസ്സാണ് നമുക്കോരോരുത്തർക്കും ഉണ്ടാവേണ്ടത്.

## ഓലകൊണ്ടുള്ള കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നത് കാണാൻ ചിത്രങ്ങളിൽ തൊട്ടുനോക്കൂ




















GOVT L.P. SCHOOL OLASSA


# കൂടുതൽ അറിയാൻ ചിത്രത്തിൽ തൊട്ടുനോക്കൂ




ഡോ.സാലിം അലി



കല്ലേൻ പോക്കുടൻ



ബൈജു കെ വാസുദേവൻ



പിണ്ടാണി എൻ.ബി.പിള്ള



കെ.കെ നീലകണ്ഠൻ

Prepared by :- RAHUL T , Govt. L.P.S. OLASSA ,KOTTAYAM 9495809114